# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം.**2292**

01.04.2013 – ൽ മറുപടിയ്ക്ക്

## ആയുഷ് കേന്ദ്രങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.സി.വിഷ്ണുനാഥ്<br>ശ്രീ. ആർ.സെൽവരാജ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ. വി.റ്റി.ബൽറാം | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ' ആയുഷ് 'കേന്ദ്രങ്ങൾ തുടങ്ങുവാൻ നടപടികൾ എടുത്തിട്ടുണ്ടോ;വിശദമാക്കുമോ; | (എ) ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ പൂന്തുറയിലും നെയ്യാറ്റിൻകരയിലും ആയുഷ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ആയുർവേദം , യോഗ, പ്രകൃതി ചികിത്സാ, യുനാനി, സിദ്ധ, ഹോമിയോ ചികിത്സ എന്നിവ ജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ലഭിക്കുന്നതിന് ഇവ ഒരു ക്യാംപസിൽ കൊണ്ടുവരികയാണ് ഉദ്ദേശ്യ ലക്ഷ്യം |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;വിശദമാക്കുമോ; | (സി) എൻ.ആർ.എച്ച്. എം, ഭാരതീയ ചികിത്സാ, ഹോമിയോപ്പതി വകുപ്പുകൾ, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയാണ് ഇതുമായി ബന്ധപ്പെട്ട ഏജൻസികൾ. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) നെയ്യാറ്റിൻകര ആയുർവേദ ആശുപത്രി കോമ്പൗണ്ടിൽ ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ നടന്നുവരുന്നു. പൂന്തുറയിൽ ആയുഷ് ഹോളിസ്റ്റിക് സെന്റർ ആരംഭിക്കുന്നതിനായി പദ്ധതിരേഖ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ